15/03/2025

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: Haripriya Devi VV (I/C)** **Editor: Dr. Binu Harriet Ivan**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/03/2025

1. നാളികേര വികസന ബോർഡിൻ്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ കുറ്റ്യാടി തെങ്ങിൻ തൈകൾ 100 രൂപ നിരക്കിലും, കുറിയ ഇനങ്ങൾ 110 രൂപ നിരക്കി ലും, സങ്കര ഇനം തെങ്ങിൻ തൈകൾ 250 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. ആവശ്യമു ള്ള കർഷകർക്കും, കൃഷി ഓഫീസർമാർക്കും ഫാമിലെത്തി തൈകൾ നേരിട്ട് വാങ്ങാം. കുറഞ്ഞത് പത്ത് തൈകൾ വാങ്ങുന്ന കർഷകർക്ക് നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന തെങ്ങ് പുതുകൃഷി പദ്ധതിയിൻ കീഴിൽ സബ്സിഡിയും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മുതൽ വൈകീട്ട് 5 മണി വരെ 0485 2554240 എന്ന നമ്പറിൽ ബന്ധപ്പെടുക.

2. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ മണ്ണുത്തിയിലെ യൂണിവേഴ്സിറ്റി ലൈവ്സ്റ്റോക്ക് ഫാം & ഫോഡർ റിസർച്ച് ഡെവലപ്പ്മെന്റ് സ്കീമിലേയ്ക്ക് ടീച്ചിങ് അസിസ്റ്റൻ്റിനായി വാക്ക് ഇൻ ഇൻ്റർവ്യൂ നടത്തുന്നു. ദിവസവേതനാടിസ്ഥാനത്തിലാണ് നിയമനം. ഇന്റർവ്യൂവിൽ പങ്കെടുക്കാനാഗ്രഹിയ്ക്കുന്നവർ 2025 മാർച്ച് 20ന് രാവിലെ 10 മണിയ്ക്ക് ULF ഓഫീസിൽ എത്തിച്ചേരേണ്ടതാണ്.കൂടുതൽ വിവരങ്ങൾക്കും നിയമനം സംബന്ധിച്ച നിബന്ധനകൾക്കും www.kvasu.ac.in എന്ന യൂണിവേഴ്സിറ്റി വെബ്സൈറ്റ് സന്ദർശിയ്ക്കുക.

3. റബ്ബർബോർഡിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ റബ്ബർതോട്ടങ്ങള് ജിയോ മാപ്പിങ് ചെയ്യുന്ന നടപടികൾക്ക് അടുത്ത ആഴ്ച തുടക്കമാകും. ഭൂമിയുടെ ഉടമസ്ഥാവകാശം, വിസ്തൃതി, റബ്ബർതോട്ടങ്ങളുടെ അതിരുകൾ തുടങ്ങിയ വിശദാംശങ്ങൾ ശേഖരിച്ചുകൊണ്ടാണ് മാപ്പിങ് നടത്തുന്നത്. തുടക്കത്തിൽ കേരളത്തിലെ റബ്ബർകൃഷിയുള്ള പത്ത് ജില്ലകളിലായിരിക്കും ഡിജിറ്റൽ മാപ്പിങ് നടത്തുക. തുടർന്ന് മറ്റ് പ്രദേശങ്ങളിലും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇത് നടപ്പാക്കും. ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന റബ്ബര് യൂറോപ്യൻ യൂണിയന്റെ വനനശീകരണ ചട്ടങ്ങൾ (ഇ.യു.ഡി.ആർ.) അനുസരിച്ചുള്ള ഇന്ത്യൻ സുസ്ഥിര പ്രകൃതിദത്തറബ്ബർ (ഐ.എസ്.എൻ.ആർ. - iSNR ) ആണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതിന്റെ ഭാഗമായാണ് ഇപ്പോൾ ജിയോ മാപ്പിങ് ചെയ്യുന്നത്. പ്രകൃതിദത്തറബ്ബറിന്റെ വ്യവസായത്തില് ഇന്ത്യയുടെ അന്താരാഷ്ട്ര നിലവാരം ഉയർത്തുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം. ട്രേസബിലിറ്റി സർട്ടിഫിക്കറ്റ്, റബ്ബറിന്റെ ഉറവിടം എവിടെയാണെന്നും അവിടെ യൂറോപ്യൻ യൂണിയന്റെ വനനശീകരണ നിയന്ത്രണങ്ങൾ (ഇ.യു.ഡി.ആർ.) പാലിക്കുന്നുണ്ടെന്നും ഉറപ്പുനൽകുന്നു. ഈ സർട്ടിഫിക്കേഷന് ഇന്ത്യയിൽ നിന്ന് റബ്ബർ കയറ്റുമതി ചെയ്യുന്നവർക്ക് സുസ്ഥിരതയും വ്യവസായവളർച്ചയും ലഭിക്കാൻ സഹായകമാകുന്നതിനൊപ്പം യൂറോപ്യൻ വിപണിയിൽ സജീവമാകാനും ഉപകരിക്കും. റബ്ബറുത്പന്നങ്ങൾ നിർമിക്കുമ്പോൾ വനനശീകരണത്തിനുള്ള നിയന്ത്രണങ്ങൾ പൂർണമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ' ഡ്യൂ ഡിലിജൻസ് ' സർട്ടിഫിക്കറ്റ് നൽകും. റബ്ബർ കയറ്റുമതിക്കാർക്ക് ആവശ്യമായ രേഖകളും ജിയോ ലൊക്കേഷന് വിവരങ്ങളും ഉപയോഗപ്പെടുത്തി റബ്ബർബോർഡ് വെബ്സൈറ്റ് (www.rubberboard.gov.in) വഴി iSNR പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യാൻ കഴിയും. റബ്ബർബോർഡ് വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യുന്ന കയറ്റുമതിക്കാർക്ക് മാപ്പിങ് പൂർത്തിയാകുന്ന മുറയ്ക്ക്, ഇ.യു.ഡി.ആർ. നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ ട്രേസബിലിറ്റി സർട്ടിഫിക്കറ്റുകള്, ഡ്യൂ ഡിലിജൻസ് ഡിക്ലറേഷനുകൾ, ജിയോ ലൊക്കേഷൻ ഡേറ്റ തുടങ്ങി ആവശ്യമായ എല്ലാ രേഖകളും ഈ പ്ലാറ്റ്ഫോം വഴി നൽകും.

Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:**piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


**പരിശീലന പരിപാടി**

4. കേരള കാർഷികസർവ്വകലാശാലയുടെ വിജ്ഞാനവ്യാപന വിഭാഗത്തിനു കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെൻ്ററിൽ 'സസ്യപ്രജനന രീതികൾ-ബഡിങ്, ഗ്രാഫ്റ്റിങ്, ലയറിങ് എന്ന വിഷയത്തിൽ സൗജന്യപരിശീലനം നൽകുന്നു. 2025 മാർച്ച് 17, 18 തീയതികളിലാണ് പരിശീലനം. പങ്കെടുക്കാനാഗ്രഹിക്കുന്നവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് പങ്കെടുക്കുവാൻ അവസരം ലഭിക്കുക. രജിസ്ട്രേഷനായി പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10 മുതൽ 5 വരെ 8547070773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**കാർഷിക നിർദ്ദേശം -**

നെല്ലിൽ കാണപ്പെടുന്ന പോളരോഗം നിയന്ത്രിക്കുന്നതിനായി നാല് ട്രൈഫ്ലോക്സിസ്ട്രോബിൻ + ടെബുകൊണാസോൾ മിശ്രിതം പത്തു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

ചൂടുകൂടിയ അന്തരീഷസ്ഥിതി തുടരുന്നകാരണം, നെല്ലിൽ തവിട്ട് മുഞ്ഞയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. അവയെ നിയന്ത്രിക്കാൻ 2 ഗ്രാം തയോമെതോക്സാം 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക.

കുരുമുളകിൽ കാണപ്പെടുന്ന നിമാവിരകളെ നിയന്ത്രിക്കുന്നതിനായി മിത്ര കുമിളായ പോച്ചോണിയ ക്ലാമിഡോസ് പോറിയ പൊടി 10 ഗ്രാം നന്നായി പൊടിച്ച 2 കിലോ ചാണകത്തിലോ കമ്പോസ്റ്റിലോ ചേർത്ത് ചെടികളുടെ തടത്തിൽ ഇട്ടുകൊടുക്കുക.

വഴുതനയിൽ കായ്തുരപ്പൻ്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. നിയന്ത്രിക്കുന്നതിനായി വേപ്പിൻ കുരു സത്ത് 50 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിച്ച് കൊടുക്കാവുന്നതാണ്. ആക്രമണം രൂക്ഷമാണെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിലിട്രോൾ പത്ത് ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**മൃഗസംരക്ഷണ നിർദേശം** - പശുവിന്റെ വയറ്റിൽ ഉണ്ടാകുന്ന അമ്ലതയും ദഹനക്കേടും ഒരു വേനൽക്കാല പ്രശ്നം ആയതിനാൽ, അത് ഒഴിവാക്കാനായി 30 ഗ്രാം സോഡാ പൊടിയും ഒരു ടീസ്പൂൺ യീസ്റ്റ് കുതിർത്തതും പശു തീറ്റയിൽ ചേർത്ത് നൽകുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം